# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.1974 | 12.02.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരന്തബാധിതർ

| ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ): | | മറുപടി<br><br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരന്ത ബാധിതരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരായി അംഗീകരിക്കപ്പെട്ട പട്ടികയിൽ 4182 പേരാണ് ഉള്ളത്. പ്രസ്തുത പട്ടികയ്ക്കു പുറമെ 2011 ആഗസ്റ്റിന് ശേഷം നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ നിന്ന് 1318 പേരുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പട്ടിക പരിശോധിച്ച് അന്തിമമാക്കുന്ന പ്രവർത്തനം ഇപ്പോൾ നടന്നുവരികയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ദുരന്ത ബാധിതർക്കാണ് ധനസഹായം നൽകിയതെന്ന് വ്യക്തമാക്കുമോ; | (ബി) | 1. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ ചെയ്ത പ്രകാരമുള്ള നഷ്ടപരിഹാര വിതരണം.<br>എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യ സംഭവിച്ചവർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ വീതവും നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിലുള്ള 4182 പേരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായ 185 പേർക്കും ബുദ്ധിമാന്ദ്യം സംഭവിച്ച 796 പേർക്കും ആദ്യ ഗഡുവായ 1.5 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശാരീരിക വൈകല്യമുള്ള 632 പേർക്ക് 1 ലക്ഷം രൂപ വീതവും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ എൻഡോ സൾഫാൻ ദുരിത ബാധിതരായി മരണപ്പെട്ട 400 പേരുടെ ബന്ധുക്കൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി അവരുടെ പേരിൽ ആദ്യ ഘട്ടമായി 1.5 ലക്ഷം രൂപ വീതം നിക്ഷേപിച്ചിട്ടുണ്ട്.<br>2) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ട 178 പേരുടെ ബന്ധുക്കൾക്ക് 50000 രൂപ വീതവും 556 പേരുടെ ബന്ധുക്കൾക്ക് ഒരു ലക്ഷം രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3) <u>വിദ്യാഭ്യാസ സ്കോളർഷിപ്പ്</u><br>എൻഡോസൾഫാൻ ദുരിതബാധിത കുടുംബത്തിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.<br>2011-2012 അദ്ധ്യയന വർഷം- 2561 പേർക്ക്<br>2012-2013 അദ്ധ്യയന വർഷം - 2292 പേർക്ക്<br>4) <u>പ്രതിമാസ സാമ്പത്തിക സഹായം</u><br>എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട കാറ്റഗറി 1,2 എന്നീ വിഭാഗങ്ങളിൽപെട്ടവർക്ക് പ്രതിമാസം 2000 രൂപ വീതവും 3 ൽ പെട്ടവർക്ക് 1000 രൂപ വീതവും പ്രതിമാസ ധനസഹായം ഇപ്പോൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം നൽകി വരുന്നുണ്ട്. |
| (സി) | ഒരു സഹായവും ലഭിച്ചിട്ടില്ലാത്ത ദുരന്തബാധിതരെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ, വിശദമാക്കാമോ? | (സി) | അവസാനമായി നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിനു ശേഷം ധാരാളം അപേക്ഷകൾ എൻഡോസൾഫാൻ ദുരന്ത ബാധിതർ എന്നവകാശപ്പെട്ടുകൊണ്ട് ലഭിച്ചിട്ടുണ്ട്. ഇത്തരം അപേക്ഷകൾ മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന മെഡിക്കൽ ക്യാമ്പിലെ പരിശോധനയ്ക്കായി മാറ്റിവെച്ചിരിക്കുകയാണ്. എന്നാൽ ഇതിനകം തയ്യാറാക്കിയിട്ടുള്ള 4182 പേരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും തന്നെ ഏതെങ്കിലും തരത്തിലുള്ള ധനസഹായമോ, ചികിത്സാ സഹായമോ ലഭിച്ചുവരുന്നുണ്ട്. അതിനുശേഷം തയ്യാറാക്കിയ 688 പേരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് സൗജന്യ ചികിത്സയും, റേഷനും നൽകി വരുന്നുണ്ട്. 630 പേരുടെ പട്ടികയിൽ ഉള്ളവർക്ക് സൗജന്യ ചികിത്സ, റേഷൻ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ